# ദൈവത്തിന്റെ സ്വന്തം നാട്ടിലെ 'നോക്കുകൂലി'ക്ക് വിട

(ഡോ. നന്ദകുമാർ ചാണയിൽ)

സഖാക്കളേ, നിങ്ങൾ ഓരോരുത്തർക്കും ലാൽസലാം!!! LDF-ന്റെ ഭരണം നിലവിലിരിക്കേ ഒരു തൊഴിലാളി ദുഷ്പ്രവണതയ്ക്ക് തടയിടാനുള്ള നിയമം പ്രാബല്യത്തിൽ കൊണ്ടുവരാനുല്ള സഖാവ് പിണറായി വിജയന്റെ സർക്കാരിന് അഭിനന്ദനങ്ങളും അനുമോദനങ്ങളും! അതും ലോക ത്തൊഴിലാളികൾക്ക് സുപ്രധാനദിനമായ മെയ് ഒന്നാം തീയതി മുതൽ നടപ്പിലാക്കാനുള്ള തീരുമാനത്തിന്.

സംവത്സരങ്ങളായി, ലോകത്തിലെവിടെയും, റഷ്യയിലും ചൈനയിലും പോലുമില്ലാത്ത തൊഴിലാളി അവകാശത്തിന്റെ പേരിലുള്ള ഒരു കൊള്ളനയം ദൈവത്തിന്റെ സ്വന്തം നാട്ടിൽ മാത്രം. നമ്മുടെ സാമഗ്രികൾ പരസഹായം കൂടാതെ, നമുക്കുതന്നെ കയറ്റുകയോ ഇറക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം, 'മാനുഷരെല്ലാരുമൊന്നുപോലെ'യായ, ജനാധിപത്യഭരണം നിലനിൽക്കുന്ന ഒരു സംസ്ഥാനത്തു മാത്രം ഇല്ലെന്ന അവസ്ഥാവിശേഷം കേരളജനതയ്ക്ക് ഒരു ഭൂഷണമോ? ഇതിൽ കുടുങ്ങി കുഴങ്ങിയ ജനങ്ങളുടെ ദയനീയാവസ്ഥ, "നാട്ടിൽ പൊറുക്കാനെളുതല്ല മേലിൽ" എന്ന മട്ടിലായിട്ട് കാലം കുറച്ചായി. ഈ സംഘടിത ദുരവസ്ഥക്കു നേരെ ആർക്കും ഒരു ചെറുവിരലനക്കാൻ പോലും സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ പേശിബലം അനുവദിച്ചിരുന്നില്ല. തൊഴിലിന് മേന്മയും മികവും കല്പിക്കുന്നവരാണല്ലോ തൊഴിലാളികൾ. തനിക്ക് സ്വയം ചെയ്യാവുന്ന തനിക്കുവേണ്ടിയുള്ള ഒരു കർമ്മത്തിൽ നിന്നും വിലക്കുന്നതിൽ ഏത് ധാർമ്മികനീതിയാണുള്ളത്? നോക്കിനില്ക്കുന്നതിന് ഒരു കൂലി കൊടുക്കണമെങ്കിൽ, അങ്ങിനെ ചെയ്യാതിരിക്കുന്നതിനും വേണ്ടേ ഒരു കൂലി?

ഇനി നമ്മുടെ അത്യന്താപേക്ഷിതശ്രദ്ധ കേന്ദ്രീകരിക്കുനുള്ളത് ആവശ്യത്തിനും അനാവശ്യത്തിനുമായി നമ്മുടെ സ്വന്തം കേരളത്തില് മാത്രം പ്രചുര പ്രചാരമുള്ള ഹർത്താലുകളും ബന്ദുകളുമാണ്. അത്യാസന്നനിലയിൽ ആശുപത്രിയിലെത്തിക്കേണ്ട രോഗികളുടേയും പ്രസവാവശ്യങ്ങൾക്കായുള്ള സ്ത്രീകളുടേയും സന്നിഗ്ധഘട്ടം ഒന്നാലോചിച്ചു നോക്കാനുള്ള മനസ്ഥിതി ഈ കൂട്ടർക്കുണ്ടോ? അതേപോലെ തന്നെ വിവാഹവിരുന്നുകളിൽ എത്തിപ്പെടാൻ പറ്റാതെ വന്നാലുള്ള ഭക്ഷണ, ധന പാഴ്ചിലവുകളും അത്യാവശ്യയാത്രയ്ക്ക് തീവണ്ടിസ്റ്റേഷനിലോ വിമാനങ്ങളിലോ എത്തിച്ചേരാൻ പറ്റാത്ത അസൗകര്യങ്ങളെക്കുറിച്ചും ഈ ഹർത്താലുകാർക്ക് അല്പം പോലും വീണ്ടും വിചാരമുണ്ടോ? സമീപഭാവിയിൽ ഈ ദാരുണാവസ്ഥയ്ക്കും മാറ്റമുണ്ടാകുമെന്ന് പ്രത്യാശിക്കാം. മാറ്റുവിൻ ചട്ടമ്പിത്തരങ്ങളേ എന്ന മുദ്രാവാക്യവുമായാവട്ടെ ദൈവത്തിന്റെ സ്വന്തം നാട്ടിൽ സഖാക്കൾ ഇനി സംഘടിക്കാൻ പോകുന്നതെന്ന് ദീർഘവീക്ഷണം ചെയ്യാം.

രാഷ്ട്രീയാടിസ്ഥാനത്തിൽ അവനവന്റെ കക്ഷി ചെയ്യുന്നതുമാത്രം നല്ലത്, മറ്റെ കൂട്ടർ ചെയ്യുന്നതെല്ലാം തന്നെ തെറ്റെന്ന നയം മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇടതുപക്ഷം നല്ല◌നല്ല തെന്നു പറയാൻ ഇടതനും വിശാലമനസ്കത ഉണ്ടാകണം. ജനത്തിന്റെ നന്മയും ഉന്നമനവുമാണല്ലോ ഏതു സർക്കാരിന്റെയും ലക്ഷ്യം. ജനായത്തഭരണം ഉള്ള ഏതു രാജ്യത്തും ഭരണകക്ഷിക്കും എതിർകക്ഷിക്കും വേണ്ട പെരുമാറ്റ ചട്ടങ്ങളിൽ അനിവാര്യമായ ഒന്നാണല്ലോ ജനസേവനം.

ജയ ജയ കേരളം!